(ബി) ദയവുചെയ്ത് ഇവിടെ നടപ്പിലാക്കിയതും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതുമായ പരിഷ്ക്കാരങ്ങളുടെ ഒരു പട്ടിക തരാമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് കഴിഞ്ഞ വാർഷിക സമ്മേളനത്തിൽ തങ്ങളുടെ ലക്ഷ്യമായി പ്രഖ്യാപിച്ചിട്ടുള്ള സോഷ്യലിസ്റ്റ് സാമൂഹ്യക്രമം കൈവരുത്തുന്നതിനായി പല നടപടികളും ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ട്.

(ബി) ഏകദേശവിവരങ്ങൾ അടങ്ങിയ ഒരു † പട്ടിക മേശപ്പുറത്തു വച്ചിരിക്കുന്നു.

STARRED QUESTIONS POSTED FOR ANSWER ON 15-10-1955.

ബോട്ട് ജട്ടികൾ.

* 899. [5] ശ്രീ. പി. വിശ്വംഭരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്ക്ഷൻഡ് ജട്ടികളിൽമാത്രമെ സർവ്വീസ് ബോട്ടുകൾ അടുപ്പിക്കാവൂ എന്നു നിശ്ചയിച്ചിട്ടുണ്ടോ എന്നു ഗവണ്മെൻറ് അറിവു വരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്ത്;

(സി) ലൈസൻസില്ലാത്ത പോർട്ടർമാരെ ബോട്ടുകളിൽനിന്നും ചരക്കിറക്കുവാൻ ഗവണ്മെൻറ് വിലക്കു നൽകിയിട്ടുണ്ടോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

ബസ്സപകടങ്ങൾ.

* 900. [19] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തിൽ ആകെ എത്ര ബസ്സപകടങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) ഇതിൽ എത്ര ആളുകൾക്ക് ജീവഹാനി നേരിട്ടിട്ടുണ്ട്;

(സി) ബസ്സുകൾ ഓടിക്കൊണ്ടിരിക്കുന്ന റോഡുകൾ മെറ്റൽ ചെയ്യാത്തതുകൊണ്ട്, റോഡ് ഇടിഞ്ഞു വല്ല അപകടവും പറ്റിയിട്ടുണ്ടോ;

(ഡി) ബസ്സുകൾ ഓടിക്കൊണ്ടിരിക്കുന്ന എല്ലാ റോഡുകളും മെറ്റൽ ചെയ്യുന്നതിനവേണ്ട ഏർപ്പാടുകൾ ഗവണ്മെൻറ് ചെയ്യുമോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) 139.

† Placed in the library

LIBRARY ARCHIVES Kerala Legislative Assembly